ആഹാരം നൽകുന്നതിനുള്ള പദ്ധതി തുടങ്ങിയവയെ സംബന്ധിച്ചുള്ള ഉത്തരവുകളും ഇതിനകംതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങളെ സംബന്ധിച്ച നടപടികളും ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ട്.

(ബി) ബാലവാടി ടീച്ചർമാർക്ക് വിവിധ ഡിപ്പാർട്ടുമെൻറുകളിൽ വ്യത്യസ്തമായ ശമ്പള നിരക്കുകളാണ് കൊടുക്കുന്നതെന്നും അവ ഏകീകരിക്കണമെന്നും ആവശ്യപ്പെട്ടപ്പോൾ ആ കാര്യം പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. അതിൻെറ അടിസ്ഥാനത്തിൽ വിവിധ വകുപ്പദ്ധ്യക്ഷൻമാരുടെ കീഴിലുള്ള സ്ഥാപനങ്ങളിലെ ബാലവാടി ടീച്ചർമാരുടെ പ്രശ്നങ്ങളെപ്പറ്റിയും അവർ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെപ്പറ്റിയും മറ്റുമുള്ള വിവരങ്ങൾ ശേഖരിച്ചുവരികയാണ്. അതിൻമേൽ കഴിയുന്നതും വേഗം ഒരു തീരുമാനം എടുക്കുന്നതായിരിക്കും.

സെൻസർ സർട്ടിഫിക്കറ്റ് നൽകുന്നതിനു കാലതാമസം

152 [217] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീ. വി. പി. മുഹമ്മദ് സംവിധാനംചെയ്ത ''ഉൽപ്പത്തി''ക്ക് സെൻസർ സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം വരുത്തുന്നുവെന്ന ആരോപണം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ഉത്തരം

ഇല്ല.

ടാക്സ് കുടിശ്ശിക

153 [218] ശ്രീ. പി. കെ. ശ്രീനിവാസൻ:

,, വി. കെ. രാജൻ:

,, സി. എ. കുര്യൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് ഇനത്തിൽ ഗവൺമെൻറിൽ ഒരു ലക്ഷം രൂപക്കുമേൽ അടച്ചുതീർക്കുവാനുള്ള എത്രപേർ ഉണ്ട്;

(ബി) മൊത്തം ഈ വകയിൽ എത്ര സംഖ്യ കിട്ടുവാനുണ്ട്;

(സി) അവരുടെ ജില്ലതിരിച്ച കണക്ക് എത്രവീതം?

ഉത്തരം

(എ) വിൽപ്പനനികുതി ഇനത്തിൽ ഗവൺമെൻറിലേക്ക് ഒരു ലക്ഷം രൂപക്കുമേൽ അടച്ചുതീർക്കുവാൻ 338 പേരുണ്ട്. (31-3-1979-ൽ)

(ബി) മൊത്തം ഈ വകയിൽ കിട്ടുവാനുള്ള സംഖ്യ 20.62 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി)	തിരുവനന്തപുരം	..	18
	കൊല്ലം	..	74
	ആലപ്പുഴ	..	28
	കോട്ടയം	..	13
	ഇടുക്കി	..	17
	എറണാകുളം	..	60
	തൃശ്ശൂർ	..	19
	മലപ്പുറം	..	4
	പാലക്കാട്	..	18
	കോഴിക്കോട്	..	56
	കണ്ണൂർ	..	31
	ആകെ	..	338

സഹകരണ നിയമത്തിൽ വരുത്തുന്ന ഭേദഗതികൾ

154 [227] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണജനതക്ക് സഹായങ്ങൾ ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കുന്നതിന് സഹകരണനിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വരുത്താൻപോകുന്ന ഭേദഗതികളുടെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള നിയമം ഗ്രാമീണജനതക്കു സഹായം ലഭിക്കുന്നതിന് തടസ്സമല്ല. കൂടുതൽ സുഗമമായി പ്രയോജനം ലഭിക്കുന്നതിനു വേണ്ടി നിയമം ഭേദഗതിചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഭേദഗതികൾക്കു അവസാനരൂപം നൽകിക്കഴിഞ്ഞിട്ടില്ല.

മി. ഡെ. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

II. അടിയന്തിരപ്രമേയം

മുൻ എം. എൽ. എ. ശ്രീ. എൻ. ഗണപതിയുടെ പുത്രന്മാരുടെ മേലുണ്ടായ ആക്രമണം

മി. ഡെപ്യൂട്ടി സ്പീക്കർ: ഒരു ഹരിജൻ നേതാവും മുൻ എം. എൽ. എ. യുമായ ശ്രീ. എൻ. ഗണപതിയുടെ കാർ മൂന്നാറിനു സമീപം വച്ച് തല്ലിത്തകർക്കുകയും അദ്ദേഹത്തിന്റെ പുത്രന്മാരെ വെട്ടി മുറിവേൽപ്പിക്കുകയും ചെയ്തതിനെത്തുടർന്ന് അവിടെ നിലവിലുള്ളതായി പറയപ്പെടുന്ന സംഘർഷാവസ്ഥ

9.30 a.m.]

LIBRARY ARCHIVES Kerala Legislative Assembly